LIBRARY ARCHIVES Kerala Legislative Assembly

സിവിൽ പോലീസ് ആഫീസർമാരുടെയും സബ് ഇൻസ്പെക്ടർമാരുടെയും നിയമനം

196 (3707) ശ്രീ. സി. ദിവാകരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ പോലീസ് ആഫീസർമാരുടെയും സബ് ഇൻസ്പെക്ടർമാരുടെയും നിയമനം പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് വഴിയാക്കണമെന്ന ശിപാർശയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ശിപാർശ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) പോലീസ് വകുപ്പിലെ സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും സംബന്ധിച്ചുള്ള പരാതികൾ പഠിച്ചു പരിഹാരങ്ങൾ നിർദ്ദേശിക്കാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇതുസംബന്ധിച്ച് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരിക്കുകയാണ്.

(ബി) ഇല്ല.

കൊലപാതക കേസ്സുകൾ സംബന്ധിച്ച വിവരങ്ങൾ

197 (3708) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളിൽ, അന്വേഷണം പൂർത്തിയായവ, കുറ്റപത്രം സമർപ്പിച്ചവ, വിചാരണ പൂർത്തിയാകാത്തവ, അന്വേഷണം പൂർത്തിയാകാത്തവ, മുഴുവൻ പ്രതികളെയും പിടികൂടാൻ സാധിക്കാത്തവ, ഈ കേസ്സുകളിലെല്ലാമായി ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികളുടെ എണ്ണമെത്ര എന്നീ വിവരങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളിൽ അന്വേഷണം പൂർത്തിയായവ, കുറ്റപത്രം സമർപ്പിച്ചവ, വിചാരണ പൂർത്തിയാകാത്തവ, അന്വേഷണം പൂർത്തിയാകാത്തവ, മുഴുവൻ പ്രതികളെയും പിടികൂടാൻ സാധിക്കാത്തവ, ഈ കേസ്സുകളിലെല്ലാമായി ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികളുടെ എണ്ണമെത്ര എന്നീ വിവരങ്ങൾ ഇനംതിരിച്ച് ചുവടെ കൊടുത്തിരിക്കുന്നു:

അന്വേഷണം പൂർത്തിയായ കേസ്സുകളുടെ എണ്ണം	കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടെ എണ്ണം	വിചാരണ പൂർത്തിയാകാത്ത കേസ്സുകളുടെ എണ്ണം	അന്വേഷണം പൂർത്തിയാകാത്ത കേസ്സുകളുടെ എണ്ണം	മുഴുവൻ പ്രതികളേയും പിടികൂടാൻ സാധിക്കാത്ത കേസ്സുകളുടെ എണ്ണം	എല്ലാ കേസ്സുകളിലും കൂടി ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെ എണ്ണം
1295	1288	929	271	53	88

ആലപ്പുഴ ജില്ലയിലെ മോഷണം

198 (3709) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷം ആലപ്പുഴ ജില്ലയിൽ എത്ര മോഷണ കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; അതിൽ അമ്പലപ്പുഴ മണ്ഡലത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ വീടുകളിൽ നിന്ന് മോഷണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാരത്തിനായി എന്ത നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ 2014-ൽ 416 വിവിധതരം മോഷണ കേസ്സുകളും 2015-ൽ (30-11-2015 വരെ) 339 വിവിധതരം മോഷണ കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അമ്പലപ്പുഴ മണ്ഡലത്തിൽ 2014-ൽ 74 വിവിധതരം മോഷണ കേസ്സുകളും 2015-ൽ (30-11-2015 വരെ) 59 വിവിധതരം മോഷണ കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ വീടുകളിൽ നിന്ന് മോഷണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും മോഷണങ്ങൾ തടയുന്നതിനും മറ്റുമായി രാത്രികാല ജീപ്പ്, ബൈക്ക് പട്രോളിംഗ് എന്നിവ ശക്തമാക്കിയിട്ടുണ്ട്. പട്രോളിംഗ് സമയത്ത് റസിഡന്റ്സ് അസോസിയേഷനുകളുടെ സഹകരണം ഉറപ്പുവരുത്തുന്നുണ്ട്. മോഷണങ്ങളും മറ്റും തടയുക എന്ന ഉദ്ദേശ്യത്തോടെ വ്യാപാര സ്ഥാപനങ്ങളിലും മറ്റും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിച്ചുവരുന്നു. മോഷണങ്ങൾ തടയുവാൻ ജനങ്ങൾ അനുവർത്തിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും മറ്റും സംഘടിപ്പിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly